## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 490 | | 21.10.2011ൽ മറുപടിയ്ക്ക് | |
|---|---|---|---|
| വിവാഹ മോചനങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. റ്റി. വി. രാജേഷ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എ. എം. ആരിഫ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നതായി അറിയാമോ; ഇതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | സംസ്ഥാനത്ത് വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ കേരള വനിതാ കമ്മീഷനും സാമൂഹ്യക്ഷേമ വകുപ്പും ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |
| (ബി) | വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ലഭ്യമായ കണക്കുകൾ വെളിപ്പെടുത്താമോ; | | |
| (സി) | സ്ത്രീധനത്തിന്റെ പേരിലുള്ള പ്രശ്നങ്ങൾ ഫലപ്രദമായി നിയന്ത്രിക്കാൻ സാധിക്കുന്നുണ്ടോ; നിലവിലുള്ള നിയമം ഇതിന് പര്യാപ്തമാണോ ? | (സി) | സ്ത്രീധനത്തിന്റെ പേരിലുള്ള പ്രശ്നങ്ങൾ നിയന്ത്രിക്കാൻ കേരള വനിതാ കമ്മീഷൻ മുഖാന്തിരം സ്ത്രീധനവിരുദ്ധ ക്യാമ്പയിനുകളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാറുണ്ട്. 1961 ലെ സ്ത്രീധന നിരോധന നിയമം 2004 മുതലാണ് സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത നിയമപ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും മൂന്ന് മേഖലകളിലായി മൂന്ന് മേഖലാ |

| | | | |
|---|---|---|---|
| | | | സ്ത്രീധനനിരോധന ഓഫീസർ മാരെയും നിയമിച്ചിട്ടുണ്ട്. മേഖലാ സ്ത്രീധന നിരോധന ഓഫീസർമാരെ സഹായിക്കുന്നതിന് ടി നിയമം അനുശാസിക്കുന്ന അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ